**ഭരണഭാഷ-മാതൃഭാഷ**

# കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി
**പിൻ കോഡ്- 671315**
**GSTIN:32AAALS381AH1Z3 ഫോൺ നമ്പർ : 04672-204530**
**https://kanhangadmunicipality.lsgkerala.gov.in, knhdmlty@gmail.com**

**നമ്പർ: 2422071-2026** **തീയതി : 13-05-2026**

## പുനർലേലം/ടെണ്ടർ നോട്ടീസ്

കാഞ്ഞങ്ങാട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആലാമിപ്പള്ളി ബസ്സ്റ്റാന്റ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളും ഓഫീസ് മുറികളും വാടക ലൈസൻസ് ഫീസ് വ്യവസ്ഥയിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിനും ചട്ടങ്ങൾക്കും കൌൺസിൽ അംഗീകരിച്ച ബൈലോയ്ക്കും വിധേയമായി പരസ്യ ലേലം/ടെണ്ടർ ചെയ്ത് നൽകുന്നതാണ്

1) ലേല സ്ഥലം : നഗരസഭ ഓഫീസ്

2) ടെണ്ടർ ഫോറ വിതരണം :**15-5-2026** മുതൽ മുറിയുടെ ലേലത്തിന് തലേ ദിവസം 3 മണിവരെ

3) ടെണ്ടർ ഫോറം സ്വീകരിക്കൽ : ലേല ദിവസം രാവിലെ **10.30**വരെ

4) ടെണ്ടർ ഫാറം വില : **2000 + GST**

**5) ലേലത്തീയ്യതി : 22-05-2026 , 11 മണി മുതൽ**

| ക്രമ നമ്പർ | മുറിയുടെ വിവരണം | മുറിയുടെ ഉള്ളളവ് മീറ്ററിൽ | ചുരുങ്ങിയ ഡെപ്പോസിറ്റ് | പ്രതിമാസ വാടക (GST 18% പുറമേ) | നിരതദ്രവ്യം | ലേല തീയതി, സമയം, സ്ഥലം |
|---|---|---|---|---|---|---|
| I | DG1 ,DG 2, DG 3, DG17, DG18, DG19 | 6x3 | 58104 | 5810 | 5900 | 22-5-2026 11.00 AM to 3.PM നഗരസഭ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | DF1,DF8 | 6X3 | 48420 | | 4842 | 4900 | | ഓഫീസ് |
| | DF11 | 6X6 | 96840 | | 9684 | 9700 | | |
| | | | | | | | | |
| | | | **പട്ടികജാതി /പട്ടികവർഗ്ഗ സംവരണം** | | | | | |
| | CG1 | 6x3 | 34863 | 5810 | | | 3500 | |
| | | | | | | | | |

-

-

**<u>ലേല നിബന്ധനകൾ</u>**

-

1) ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡിന്റെയും, അസ്സലും, സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പും ലേല ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാക്കേണ്ടതാണ്. സംവരണ വിഭാഗത്തിൽ ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ അർഹത സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

2) ഡെപ്പോസിറ്റ് സംഖ്യയിൻമേലായിരിക്കും ലേലം വിളി.

3) ലേലത്തിന് സമാന്തരമായി ടെണ്ടറും സ്വീകരിക്കുന്നതാണ്.

4) ടെണ്ടർ സമർപ്പിക്കുന്നവർ മുദ്രവെച്ച ടെണ്ടറിനോടൊപ്പം നിരതദ്രവ്യവും, 200 രൂപ മുദ്രപത്രത്തിൽ പ്രഥാമിക ഉടമ്പടിയും ഉള്ളടക്കം ചെയ്യേണ്ടതാണ്.

5) ടെണ്ടറിൽ പങ്കെടുക്കുന്നവർ മുറിയുടെ നമ്പർ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

6) ടെണ്ടറിൽ പങ്കെടുക്കുന്നവർ ടെണ്ടറിനോടൊപ്പം സമർപ്പിച്ച നിരതദ്രവ്യം ഒടുക്കിയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രസ്താവനയും ഹാജരാക്കുന്ന പക്ഷം ടിയാളുകൾക്ക് ലേലത്തിലും പങ്കെടുക്കാവുന്നതാണ്.

7) ഓരോ മുറിയുടെയും ലേല നടപടികൾക്ക് ശേഷം ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ /വിളിച്ച ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിപ്പെടുത്തുന്നതുമാണ്.

8) ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി ലേല തുകയുടെ പകുതി അന്നേ ദിവസം നഗരസഭാ ഫണ്ടിൽ ഒടുക്കി രശീത് കൈപ്പറ്റേണ്ടതാണ്. രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുക നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ബാങ്കേഴ്സ് ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ,RTGS വഴിയോ മാത്രമേ സ്വീകരിക്കുകയുള്ളു.

9) ലേലം/ടെണ്ടർ നടപടി നഗരസഭാ കൌൺസിൽ അംഗീകരിച്ചാൽ അറിയിപ്പ് നൽകുന്നതും പ്രസ്തുത അറിയിപ്പ് ലഭിച്ച് 15 ദിവസത്തിനകം ലേല സംഖ്യയുടെ ബാക്കി തുക ഒടുക്കി നിർദ്ദിഷ്ട മാതൃകയിലുള്ള കരാറുടമ്പടി ഹാജരാക്കി കടമുറികൾ ലേലം/ടെണ്ടർ കൊണ്ടയാൾ ഏറ്റെടുക്കേണ്ടതാണ്.

10) ലേലം/ടെണ്ടർ ദിവസം യാദൃശ്ചികമായ കാരണത്താൽ അവധിയാകുന്ന പക്ഷം അവസാന ലേല ദിവസത്തിന്റെ തൊട്ടടുത്ത പ്രവൃത്തിദിവസത്തിൽ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

11) ലേലം/ടെണ്ടർ അംഗീകരിക്കുന്നതിനും വ്യക്തവും, ലിഖിതവുമായ കാരണങ്ങളാൽ നിരസിക്കുന്നതിനുള്ള അധികാരം കാഞ്ഞങ്ങാട് നഗരസഭാ കൌൺസിൽ നിക്ഷിപ്തമായിരിക്കും.

നോട്ടീസ് ബോർഡ്- ഓഫീസ്, ലൈബ്രറി

വില്ലേജ് ഓഫീസ് ഹോസ്ദുർഗ്ഗ്, ബല്ല, താലൂക്ക് ഓഫീസ്.

വെബ്സൈറ്റ്

പകർപ്പ് :

ബഹു:ചെയർമാന്റെ മേശപ്പുറത്ത്,

വൈസ്ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുടെ മേശപ്പുറത്ത് .

അസിസ്റ്റന്റ് എഞ്ചിനീയർ, *ഹെൽത്ത്* സൂപ്പർവൈസർ, സൂപ്രണ്ട് (റവന്യൂ)

-